(ബി) പ്രസ്തുത ഓഫീസ് രൂപീകരിക്കുന്നതു സംബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; പ്രസ്തുത ഫയൽ സർക്കാരിലേക്ക് അയയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.ഐ.പി. (ആർ.ബി) സർക്കിൾ, കൊട്ടാരക്കര കാര്യാലയത്തിൽ നിന്നും ഒരു സബ് ഡിവിഷൻ മൈനർ ഇറിഗേഷൻ കടുത്തുരുത്തിയിലോട്ട് മാറ്റുന്നതിനുള്ള നടപടികൾ പ്രസ്തുത ഫയലിൽ സ്വീകരിച്ചുവരുന്നതായി ചീഫ് എഞ്ചിനീയർ (ഐ&എ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടില്ല.

ഇറിഗേഷൻ വകുപ്പിന്റെ സ്ഥലങ്ങൾ കയ്യേറ്റം

156(845) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇറിഗേഷൻ വകുപ്പിന്റെ പഴശ്ശി ഇറിഗേഷന്റെ ഭൂമി വ്യാപകമായ തോതിൽ കയ്യേറ്റം നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവ തിരിച്ചു പിടിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

പഴശ്ശി ഇറിഗേഷന്റെ ഭൂമിയിൽ വ്യാപകമായി കണ്ടെത്തുന്ന കയ്യേറ്റങ്ങൾ റവന്യൂ വകുപ്പിന്റെ സഹായത്തോടെ അടയാളപ്പെടുത്തി ഒഴിപ്പിക്കാനുള്ള നടപടികൾ നടത്തുന്നുണ്ട്. കുറ്റക്കാർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്യ നടപടികൾ നടന്നുവരുന്നു. റിസർവോയർ ഏരിയയുടെ അതിർത്തി അളന്ന് കല്ലുകളും ജണ്ടുകളും സ്ഥാപിക്കുവാനും കമ്പിവേലികൾ സ്ഥാപിക്കാനുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഡി.ആർ.ഐ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. മെയിൻ കനാലിന്റെ ആദ്യത്തെ 5 കി. മീറ്റർ ദൂരത്തിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി നടപ്പിലാക്കാനുള്ള നടപടികൾ തുടർന്നുവരുന്നു. ബാക്കിയുള്ള കനാൽ ഭാഗങ്ങൾ കൂടി സർവ്വേ നടത്തി അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതോടെ കയ്യേറ്റങ്ങൾ മുഴുവനായും ഒഴിപ്പിക്കാനും തടയാനും കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly